# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 544

09-02-2016-ൽ മറുപടിക്ക്

## എഫ്.എ.സി.ടി., എച്ച്.എം.ടി. തുടങ്ങിയ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. സാജു പോൾ
ശ്രീ. എ.എം.ആരിഫ്

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങൾ ഏറെയും ഗുരുതരമായ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എഫ്.എ.സി.ടി., എച്ച്.എം.ടി. തുടങ്ങിയ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കി 991 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി. എസ്.ഇ.) അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇപ്പോൾ ചില വ്യവസ്ഥകൾക്കു വിധേയമായി കേന്ദ്ര ധനവകുപ്പ് ഫാക്ടിന് 1000 കോടി രൂപ പ്ലാൻ ലോണായി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

എൽ.എൻ.ജി.യുടെ കൊച്ചിയിലെ വില, മറ്റ് വിപണികളിലെ വിലയുമായി ഏകീകരിച്ച് ഫാക്ടിന്റെ നഷ്ടം നികത്തുവാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പ് മന്ത്രിയ്ക്ക് ബഹു. മുഖ്യമന്ത്രി 15/07/2014 ൽ കത്ത് അയച്ചിരുന്നു.

ആർ.എൽ.എൻ.ജി.യ്ക്ക് മേലുള്ള 14% മൂല്യവർദ്ധിത നികുതി ഒഴിവാക്കിത്തരണമെന്ന ഫാക്ടിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, കമ്പനിക്കായി കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിയ്ക്ക് വിധേയമായി, അവർ വാങ്ങുന്ന എൽ.എൻ.ജി.യെ 01/04/2015

മുതൽ ഒരു വർഷത്തേക്ക് KVAT - ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് പെറ്റ്കോക്ക് ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി FACT യുടെ ഉപയോഗിക്കാതെ കിടക്കുന്ന 150 ഏക്കർ സ്ഥലം സൗജന്യമായി സംസ്ഥാന സർക്കാരിന് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി FACT യുടെ സംയുക്ത വ്യാവസായിക സംരംഭങ്ങൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആവശ്യ ങ്ങൾക്കും ഭൂമി വിനിയോഗിക്കുന്നതിന് ഫ്രീഹോൾഡ് അനുമതി തത്വത്തിൽ നൽകി യിട്ടുണ്ട്.

എച്ച്.എം.ടി.യുടെ കളമശ്ശേരി യൂണിറ്റിന് അതിന്റെ വാർഷിക പ്രവർത്തന ലക്ഷ്യം കൈവരിക്കുവാൻ മതിയായ ഓർഡറുകൾ ലഭിക്കുന്നുണ്ട്. എന്നാൽ ഓർഡറുകളിൽ ഭൂരിഭാഗവും സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായതിനാൽ അഡ്വാ ൻസ് തുക ലഭിക്കാറില്ല. ഇത് സ്ഥാപന ത്തിന്റെ പ്രവർത്തന മൂലധന ലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. എച്ച്.എം.ടി.യിൽ 1997 ന് ശേഷം ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടില്ല. കുറഞ്ഞ വേതനം ലഭിക്കുന്നതിനാൽ കമ്പനിയിലെ വിദഗ്ധ പരിശീലനം ലഭിച്ച, പരിചയ സമ്പന്നരായ ജീവനക്കാർ കമ്പനി വിട്ട് പോകുന്ന സ്ഥിതി നിലവിലുണ്ട്. ഇതിന് പകരം നിയമനം നടത്താത്തതിനാൽ വിദഗ്ധ ജീവന ക്കാരുടെ അഭാവം കമ്പനിയുടെ പ്രവർത്ത നത്തെ സാരമായി ബാധിക്കുന്നുണ്ട്.

**(ബി)** ഈ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ സർക്കാർ വിലയി രുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ മാക്കാമോ ; ഈ പ്രശ്നങ്ങളിൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കി യിട്ടുണ്ടോ ; സംസ്ഥാനത്തെ കേന്ദ്ര മേഖലാ നിക്ഷേപ വിഹിതം എത്ര ശതമാനം കുറവായിട്ടുണ്ട് എന്ന് അറി യിക്കുമോ ?

**(ബി)** FACT ന്റെ നില നിൽപ്പിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ചെയ്യുവാൻ കഴിയുന്ന എല്ലാ സഹായവും സർക്കാർ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ കേന്ദ്ര മേഖലാ നിക്ഷേപ വിഹിതം സംബന്ധിച്ച് തോത് കണക്കാക്കി യിട്ടില്ല.

സെക്ഷൻ ഓഫീസർ